## “സന്തോഷപൂർവം നൽകുന്നവനെയാണ് ദൈവം സ്നേഹിക്കുന്നത്”

## (2 കൊറി. 9: 7)

ക്രിസ്തുവിൽ പ്രിയ സഹോദരീ സഹോദരന്മാരേ,

സകല നന്മകളുടെയും ദാതാവായ ദൈവത്തിന് അദ്ധ്വാനഫലത്തിൻെറ ഒരു ഭാഗം സമർപ്പിക്കുക എന്നത് നമ്മുടെ വിശ്വാസപാരമ്പര്യത്തിൻെറ ഭാഗമാണ്. ദശാംശം നല്കുന്നത് അനുഗ്രഹത്തിനു കാരണമാകുമെന്നും (ലേവ്യ. 27: 30–32; നിയ. 12: 5–11; 14: 22–29; മലാ. 3: 10–12) ദശാംശം മുടക്കുന്നത് ദൈവപ്രീതി നഷ്ടപ്പെടുത്തുമെന്നും (മലാ. 3: 8–9) വിശുദ്ധ ഗ്രന്ഥം പഠിപ്പിക്കുന്നുണ്ട്. സന്തോഷത്തോടു കൂടി നല്കുന്നവനെ ദൈവം അനുഗ്രഹിക്കുമെന്ന് വചനത്തെ അടിസ്ഥാനമാക്കി പൗലോസ് അപ്പസ്തോലൻ പഠിപ്പിക്കുന്നുണ്ട് (2 കോറി. 9: 6–15). ദൈവത്തിനു നൽകുന്ന ദശാംശം ദരിദ്രർക്കും അഗതികൾക്കും വേണ്ടി വിനിയോഗിക്കണം എന്ന് വിശുദ്ധ ഗ്രന്ഥത്തിലെ പഴയനിയമവും പുതിയനിയമവും അനുശാസിക്കുന്നുണ്ട്.

വിളവോത്സവ് എന്ന പേരിൽ കെ.എം.ആർ.എം ഒരുക്കുന്ന ആദ്യഫല സമർപ്പണം അഥവാ വിളവെടുപ്പ് മഹോത്സവം ഉദാത്തമായ ലക്ഷ്യങ്ങളാണ് വിഭാവനം ചെയ്യുന്നത്. രോഗത്താലോ ഇതര കാരണങ്ങളാലോ വളരെയേറെ പ്രയാസപ്പെടുന്നവരെ സഹായിക്കുക എന്ന ലക്ഷ്യത്തോടെ സംഘടിപ്പിക്കുന്ന വിളവോത്സവിൽ എല്ലാവരുടെയും വിലയേറിയ സാന്നിദ്ധ്യവും ഹൃദയപൂർവമായ സഹകരണവും പ്രതീക്ഷിക്കുന്നു. വിളവോത്സവ് 2012 കൂട്ടായ്മയുടെയും ഉദാരതയുടെയും പുതിയൊരദ്ധ്യായം തുറക്കുമെന്ന് പ്രതീക്ഷിക്കുന്നു. അതിനായി പ്രാർത്ഥിക്കുന്നു.

ദൈവത്തിൻെറ സമൃദ്ധമായ അനുഗ്രഹങ്ങൾ എല്ലാവരോടുമൊപ്പം ഉണ്ടായിരിക്കട്ടെ!

യേശുവിൽ

ഫാ. ജോൺ പടിപ്പുരയ്ക്കൽ

“ഓരോ മൂന്നാം വർഷത്തിൻെറയും അവസാനം ആ കൊല്ലം നിനക്കു ലഭിച്ച ഫലങ്ങളുടെയെല്ലാം ദശാംശം കൊണ്ടുവന്നു നിൻെറ പട്ടണത്തിൽ സൂക്ഷിക്കണം. നിൻെറ പട്ടണത്തിൽ താമസിക്കുന്ന, നിനക്കുള്ളതു പോലെ ഓഹരിയും അവകാശവുമില്ലാത്ത, ലേവ്യരും പരദേശികളും അനാഥരും വിധവകളും വന്ന് അവ ഭക്ഷിച്ച് തൃപ്തിയടയട്ടെ. അപ്പോൾ നിൻെറ ദൈവമായ കർത്താവ് എല്ലാ പ്രവൃത്തികളിലും നിന്നെ അനുഗ്രഹിക്കും” (നിയ. 14: 29).

